പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.312 — 28.05.2019 ൽ മറുപടിക്ക്

## ആറ്റിങ്ങൽ മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ആർദ്രം പദ്ധതി പ്രകാരം കുടുബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യവികസനം ഏത് ഘട്ടത്തിലാണ്; അവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി (2017-18) സാമ്പത്തിക വർഷത്തിൽ കിളിമാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പ്രീ ചെക്ക് റൂം, ലബോറട്ടറി,ഡൈനിംഗ് ഹാൾ,ഒബ് സർവേഷൻ റൂം, റെറ്റിനോപ്പതി, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, പാലിയേറ്റിവ് കെയർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിലേക്ക് താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടു.<br>1.ഡോക്ടർ-1<br>2.സ്റ്റാഫ് നഴ്സ്-2<br>3.ലാബ് ടെക്നീഷ്യൻ-1<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കരവാരം, പുളിമാത്ത് ,ചെറുന്നിയൂർ,അടയമൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വക്കം സാമൂഹികാരോഗ്യ കേന്ദ്രവും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ടു.അവയിൽ വക്കം സാമൂഹികാരോഗ്യകേന്ദ്രം, അടയമൺ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു.മറ്റിടങ്ങളിലെ വർക്ക് ടെൻഡർ ചെയ്തിട്ടുണ്ട് . മറ്റ് നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ